വചനവിചിന്തനം 2010 ജൂൺ 6, ഞായർ.

ലൂക്കാ 10: 25 – 37

നല്ല സമറിയാക്കാരൻ

പശ്ചാത്തലം

ഈശോയെ പരീക്ഷിക്കാനാണത്രെ നിയമജ്ഞൻ അടുത്തെത്തിയത്. അയാളുന്നയിച്ച ചോദ്യമാവട്ടെ, നിത്യജീവൻ അവകാശമാക്കാൻ ഞാനെന്തുചെയ്യണം എന്നും. ചോദ്യമുയർത്തിയത് ഒരു നിയമജ്ഞൻ ആയിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. യഹൂദമതത്തിലെ നിയമജ്ഞൻ അത്ര നിസ്സാരക്കാരനാവാൻ വഴിയില്ല. 600 ൽ ചിലാനം വരുന്ന യഹൂദ ആചാരങ്ങളും ചിട്ടകളും വി.ഗ്രന്ഥ ഭാഗങ്ങളും അവയുടെ വ്യാഖ്യാനങ്ങളും അറിയുന്നവനാണവൻ. മാത്രവുമല്ല കാലാകാലങ്ങളായി ദൈവം നേരിട്ടും, പ്രവാചകന്മാരിലൂടെയും വി.ഗ്രന്ഥകർത്താക്കളിലൂടെയും അരുളിചെയ്തതൊക്കെ നിത്യജീവൻ/സ്വർഗം അവകാശമാക്കുവാനുള്ള വഴികളും. എന്നിട്ടും നിയമജ്ഞൻ ക്രിസ്തുവിനെ പരിഹസിക്കാൻ, ആൾക്കൂട്ടത്തിൽ വച്ച് ചെറുതാക്കാൻ ചോദ്യമെറിയുകയാണ്. പക്ഷെ ഈശോയാകട്ടെ, അയാളെക്കൊണ്ടുതന്നെ ഉത്തരം പറയിക്കുകയാണ്. ഉത്തരമോ യഹൂദ മതത്തിലെ കുട്ടികൾക്കുപോലുമറിയാവുന്ന പത്തുകല്പനകളുടെ സംഗ്രഹവും!

അയൽക്കാരൻ

ആരാണ് അയൽക്കാരൻ? എന്റെ അടുത്തു താമസിക്കുന്നവൻ. കൂടെ ജോലി ചെയ്യുന്നവൻ. സഹയാത്രക്കാരൻ. ഞാൻ വസിക്കുന്ന സമൂഹത്തിൽ അംഗമായവൻ. എന്റെ ശ്രദ്ധ ആവശ്യമുള്ളവൻ... എന്നാൽ യഹൂദ മതത്തിൽ അയൽക്കാരൻ എന്ന പദത്തിന് ഇത്ര വിശാലമായ അർത്ഥങ്ങളുണ്ടായിരുന്നില്ല. മതത്യാഗികൾ, വ്യഭിചാരികൾ, കൊലപാതകികൾ, പരദേശികൾ, ഇവരെയൊന്നും അയൽക്കാരായി കാണേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല! (പാപിനിയായ സ്ത്രീ, സ്തേഫാനോസ്....etc. ഓർക്കുക) മാത്രവുമല്ല, സമരിയാക്കാർ (അസ്സീറിയാക്കാരുമായി യഹൂദർ ഇടകലർന്നുണ്ടായ ജനത) അങ്ങനെ വരുമ്പോൾ അയൽക്കാരൻ ആയിരുന്നില്ല! പക്ഷെ ഈശോ അവതരിപ്പിക്കുന്ന കഥയിലെ നല്ല അയൽക്കാരൻ സമരിയാക്കാരൻ ആണ് എന്നത് യാദൃശ്ചികതയല്ല; ക്രൈസ്തവ സ്നേഹത്തിന്റെ അനന്യതയാണിവിടെ ക്രിസ്തു വെളിപ്പെടുത്തുന്നത്.

നല്ല സമറിയാക്കാരൻ

2007 –ാ മാണ്ടിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ ലോകത്തിനു നൽകിയ വലിയൊരു സമ്മാനമായിരുന്നു നസറായനായ യേശു (Jesus of Nazareth) എന്ന ഗ്രന്ഥം. എന്റെ ഇത്ര നാളത്തെ ദൈവമുഖം തേടിയുള്ള യാത്രയുടെ ഫലം എന്നാണ് പരി. പിതാവ് ആമുഖത്തിൽ ഈ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്. നല്ല സമറായന്റെ ഉപമയ്ക്ക് വളരെ മനോഹരമായ ഒരു വ്യാഖ്യാനം അദ്ദേഹം നൽകുന്നുണ്ട്.

* ജറീക്കോയിൽ നിന്ന് ജറുസലേമിലേയ്ക്കുള്ള ദൂരമെന്നത് ലോക ചരിത്രമാണ്.
* യാത്രക്കാരൻ – ഞാനാകാം, നീയാകാം....ഒരു മനുഷ്യൻ.
* കവർച്ചകാരൻ – ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന തിന്മകൾ. അവ മനുഷ്യനെ മൃതതുല്യനാക്കുകയാണ്.
* പുരോഹിതൻ, ലേവായൻ – അന്തസ്സും, ആഭിജാത്യവും അവകാശപ്പെടുന്ന ലോക മതങ്ങൾ, സംസ്ക്കാരങ്ങൾ, നേതാക്കൾ.....പക്ഷെ – മരണനേരത്ത് ഒന്നും സഹായത്തിനെത്തുന്നില്ല.

* **നല്ല ശമറായൻ** – ക്രിസ്തുവാണ്. കണ്ട ഉടനെ തന്നെ നിലത്തു കിടന്നവന്റെ അടുക്കൽ ഇറങ്ങി അടുത്തിരിക്കുന്നു. (Incarnation - ശൂന്യവൽക്കരണം)

- **മനസ്സലിവ്** – റഹം എന്ന് ഹീബ്രുവിലും splanchna എന്ന് ഗ്രീക്കിലും – അർത്ഥം മാതാവിന്റെ ഗർഭപാത്രം എന്നാണ്.
- **വീഞ്ഞും എണ്ണയും** – പാപ മോചക കൂദാശകൾ – മാമ്മോദീസാ വി.കുർബാന
- **സമറിയാക്കാരന്റെ ചെയ്തികൾ, ആംഗ്യങ്ങൾ** – ഇന്ന് കൂദാശകളിൽ ആവർത്തിക്കുന്നു.
- **സത്രം** – തിരുസ്സഭയാണ്.
- **രണ്ടു ദെനാറകൾ** – രോഗീലേപനം + ലേപനസമയത്തെ വി.കുർബാന.

സന്ദേശം

സ്നേഹിക്കാൻ, കരുണ കാണിക്കാനുള്ള തന്റേടമുണ്ടാകുക. ഉദാ: ഡാമിയൻ, മദർ തെരേസ, കുഞ്ഞച്ചൻ, വിയാനി, ...

റവ.ഡീക്കൻ. തോമസ് രാമച്ചനാട്ട്.